കടുത്തുരുത്തി	4.21	8

(ബി)

സെക്ഷൻ	മാറ്റിയ തടി പോസ്റ്റുകൾ	മാറ്റാനുള്ള തടിപോസ്റ്റുകൾ
വൈക്കം	31.	900
ചെമ്പ്	199	1100
തലയാഴം	201	1350
തലയോലപ്പറമ്പ്	39	660
കടുത്തുരുത്തി	77	670

കെ. എസ്. ഇ. ബി. യ്ക് പിരിഞ്ഞ് കിട്ടേണ്ട തുക

10 (350) ശ്രീ. വി. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി. ക്ക് വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ട തുക പട്ടിക തിരിച്ച് നൽകുമോ ;

(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ ഉള്ള തുകയുടെ വിവരം ലഭ്യമാക്കുമോ ;

(സി) ഇതിൽ ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് വൻതുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിന് മുമ്പ് തന്നെ കെ. എസ്, ഇ.ബി.ക്ക് അതിന്റെ ഉണഭോക്താക്കളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ളുക പൂർണ്ണമായും പിരിച്ചെടുക്കാനാവുമെന്ന് കരുതുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പൂർണ്ണമായും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ളുക പട്ടിക തിരിച്ച് താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനങ്ങൾ	31-3-2011-ലെ കണക്ക് പ്രകാരം ളുക (കോടിയിൽ)
1	സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	146.19
2	കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	1.86
3	സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ	407.89
4	കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ	17.01
5	തദ്ദേശ സ്ഥാപനങ്ങൾ	7.70
6	അന്തർ സംസ്ഥാന വിനിമയം	5.19
7	സ്വകാര്യ സ്ഥാപനങ്ങൾ	589.26
8	ലൈസൻസികൾ	15.91

9	സ്വയംഭരണ സ്ഥാപനങ്ങൾ	--
	ആകെ	1191.01

(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ ഉക 1633.49 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ, അദാലത്ത്, റവന്യൂ റിക്കവറി നടപടികൾ, തവണ വ്യവസ്ഥകൾ എന്നീ നടപടികൾ സ്വീകരിച്ചിരിക്കുന്നു.

(ഡി&ഇ) ഭൂരിഭാഗം കടിശ്ശികയും ഇന്ത്യയിലെ വിവിധ കോടതികളുടെ (സുപ്രീം കോടതി, ഹൈക്കോടതി, ബൈഫർ BIFR) തീർപ്പിനു വിധേയമായി മാത്രമേ പിരിച്ചെടുക്കാൻ കഴിയൂ. റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാകുന്ന മുറയ്ക്ക് റിക്കവറി നേരിടുന്ന കടിശ്ശികയുള്ള സ്ഥാപനങ്ങൾ വഴുത്തിയ ഉക പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ ത്വരിത പ്പെടുത്താൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ഇ. ബി. പോസ്റ്റുകളിലെ പരസ്യങ്ങൾ

11 (351) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. പോസ്റ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും ഏജൻസിക്ക് അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരിൽ നിന്ന് എത്ര ഉക വീതമാണ് സർക്കാരിന് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ക്ലീൻ കേരള ലിമിറ്റഡ് എന്ന കമ്പനിക്ക് സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള ഇലക്ട്രിസിറ്റി ബോർഡ് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരുമാനമായിട്ടില്ല.

കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജ് കടിശ്ശികയിനത്തിൽ ലഭിക്കാനുള്ള ഉക

12 (352) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന്

LIBRARY ARCHIVES Kerala Legislative Assembly